**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5026** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 അനുശാസിക്കുന്ന എല്ലാ സംവിധാനങ്ങളും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. വാതിൽപ്പടി വിതരണം കൂടുതൽ സുതാര്യമാക്കുന്നതിന് വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2. ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 പ്രകാരമുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. 3. സംസ്ഥാനത്ത് മുൻഗണനാകാർഡിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈനാക്കുന്നതാണ്. |
| (ബി) | ഇതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിലൂടെ പോഷകാഹാര സുരക്ഷ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പോഷകാഹാര പര്യാപ്തത ഉറപ്പു വരുത്തുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയായ സമ്പുഷ്ടീകൃത ധാന്യവിതരണ പദ്ധതി പ്രകാരം റേഷൻകടകൾ വഴി കാർഡുടമകൾക്ക് നൽകുന്ന അരിയോടൊപ്പം അയൺ, ഫോളിക് ആസിഡ് മറ്റ് വിറ്റാമിനുകൾ എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്നതിന്റെ പൈലറ്റ് പദ്ധതി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. പദ്ധതിയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ പൊതുമേഖലാ സ്ഥാപനമായ Oil Palm India Ltd – ൽ സ്ഥാപിച്ച്, ഫോർട്ടിഫൈഡ് റൈസ് കെർണൽസ്, സപ്ലൈകോ വഴി ടെൻഡർ പ്രകാരം വാങ്ങി മേൽപ്പറഞ്ഞ സ്ഥാപനത്തിൽ എത്തിച്ച് അരിയും ഫോർട്ടിഫൈഡ് റൈസ് കെർണൽസുമായി 100:1 |

| | | | |
|---|---|---|---|
| | | | എന്ന അനുപാതത്തിൽ സാമ്പിൾ പരിശോധനയ്ക്കായി അരി ഫോർട്ടിഫൈ ചെയ്യുകയും ചെയ്തു. പരിശോധനാഫലങ്ങളിൽ ഇരുമ്പിന്റെ അംശം അനുവദനീയമായതിൽ കൂടുതലായതിനാൽ FSSAI യുടെ നിർദ്ദേശ പ്രകാരം അരിയുടെ സാമ്പിളുകൾ വീണ്ടും പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൻമേൽ തീരുമാനമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല വഴിയുള്ള ഫോർട്ടിഫൈഡ് റൈസ് വിതരണം ആരംഭിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ഭക്ഷ്യ ഉല്പന്നങ്ങളിൽ പോഷക സമ്പുഷ്ടീകരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. നിലവിൽ സപ്ലൈകോവഴി സമ്പുഷ്ടീകരിച്ച ആട്ട എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും വിതരണം നടത്തി വരുന്നു. കൂടാതെ അരി സമ്പുഷ്ടീകരിച്ച് റേഷൻകടകൾ വഴിയും സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി (MDMS), അംഗൻവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്ന (ICDS) പദ്ധതി എന്നിവ വഴി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ